ശ്രീ. കെ. സുകുമാരനുണ്ണി: 1974-ൽ 4 കൂട്ടുകൃഷി ഫാം തുടങ്ങുമെന്നും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ടായിരുന്നു. എന്തുകൊണ്ടാണ് അഞ്ച് കൊല്ലമായിട്ടും തുടങ്ങാത്തത്; പരീക്ഷണം കൊണ്ട് പരാജയമാണോ ഉണ്ടായത്; അത് ഇനി തുടങ്ങാനുള്ള വല്ല പരിപാടിയുമുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: പരീക്ഷണംകൊണ്ട് പരാജയമാണ്. അതുകൊണ്ട് തുടങ്ങുന്നില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ക്ലിനിക്കൽ സൈകാലജി ഡിപ്ലോമാ
(Diploma in Clinical Psychology)

*705 [760] ശ്രീ. എൻ. കിട്ടപ്പനാരായണസ്വാമി: കീഴ്കാണുന്ന വിഷയങ്ങളെക്കുറിച്ച് ദയവുചെയ്ത് വിശദമായ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ആലപ്പുഴ (മെഡിക്കൽ) മെഡിക്കൽ കോളേജുകളിൽ ക്ലിനിക്കൽ സൈക്കോളജി ഡിപ്ലോമാ തസ്തികയിൽ ഉദ്യോഗസ്ഥർ ഉണ്ടോ;

(ബി) ഇവർക്ക് M. Ed., D.S.S. എന്നീ യോഗ്യതകൾ മാത്രമാണോ ഡിപ്ലോമാ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ ഇത് P. C. S.-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഡിപ്ലോമാ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് M. A. (Psychology) എന്നത് അടിസ്ഥാന യോഗ്യതയായും P. S. C.-യുടെ അംഗീകാരം ലഭിച്ചതായും അറിയിച്ചിട്ടുണ്ടോ?

ഉത്തരം

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ക്ലിനിക്കൽ സൈക്കോളജിയിൽ ഡിപ്ലോമ ആവശ്യമുള്ള ഒരു തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇപ്രകാരമുള്ള തസ്തിക ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) മെഡിക്കൽ ആൻഡ് സോഷ്യൽ സൈക്കോളജി (ക്ലിനിക്കൽ സൈക്കോളജി) ഡിപ്ലോമായ്ക്ക് പ്രവേശനം ലഭിക്കുന്നതിന് നിർണ്ണയിച്ചിട്ടുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എം. എ. സൈക്കോളജിയാണെന്ന കാര്യം ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ഗവൺമെൻറ് ആ വിവരം പി.എസ്. സി.-യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly